## 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2868** **10-03-2025 - ൽ മറുപടിയ്ക്ക്**

### ദ്രുതകർമ്മ സേനകളെ ശക്തിപ്പെടുത്താൻ പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിന് ലക്ഷ്യമിട്ട് വനം വകുപ്പിന്റെ ദ്രുതകർമ്മ സേനകൾ ശക്തിപ്പെടുത്തുന്നതിനുള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | മനുഷ്യ വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ വിവിധ കാലയളവുകളിൽ റാപ്പിഡ് റെസ്പോൺസ് ടീം (ആർ.ആർ.ടി) രൂപീകരിച്ചിട്ടുണ്ട്. 31.05.2024 തീയതിയിലെ സ.ഉ(കൈ) നം. 23/2024/വനം പ്രകാരം രൂപീകരിച്ച ഒൻപത് ആർ.ആർ.ടികൾ ഉൾപ്പെടെ വനം വകുപ്പിൽ സംസ്ഥാനത്ത് നിലവിൽ 28 ആർ.ആർ.ടികൾ ആണ് പ്രവർത്തിക്കുന്നത്. പുതുതായി രൂപീകരിച്ച ഒൻപത് ആർ.ആർ.ടി. കളിൽ ഒൻപത് വീതം സെക്ഷൻ ഫോറസ്റ്റ് ഓഫീസർ, ഫോറസ്റ്റ് ഡ്രൈവർ, പാർട്ട് ടൈം സ്വീപ്പർ തസ്തികകൾ അനുവദിച്ചിട്ടുണ്ട്. എന്നാൽ ആകെയുള്ള 28 ആർ.ആർ.ടി കളിൽ ചിലതിൽ ആവശ്യമായ തസ്തികകൾ നിലവിലില്ലായിരുന്നു. അതാത് ഡിവിഷനുകളിലെ/ റെയിഞ്ചുകളിലെ ജീവനക്കാരുടെ സേവനം പ്രയോജനപ്പെടുത്തിയാണ് ടി ആർ.ആർ.ടികൾ പ്രവർത്തിച്ച് വന്നിരുന്നത്.12.12.2024 തീയതിയിലെ സ.ഉ(സാധാ) നം. 519/2024/വനം പ്രകാരം അപ്രകാരമുള്ള ആർ.ആർ.ടി. കളിലേക്ക് ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാർക്ക് അധിക ചുമതല നൽകിയും സെക്ഷൻ ഫോറസ്റ്റ് ഓഫീസർ, ബീറ്റ് ഫോറസ്റ്റ് ഓഫീസർ, ഫോറസ്റ്റ് വാച്ചർ എന്നീ തസ്തികകൾ പുനർവിന്യസിച്ചും, ജോലി ക്രമീകരണ വ്യവസ്ഥയിലും ജീവനക്കാരെ നിയമിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. ഇപ്രകാരം ആർ.ആർ.ടി. കളുടെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തിയിട്ടുണ്ട്. വനം വകുപ്പിൽ നിലവിൽ പ്രവർത്തിച്ച് വരുന്ന 28 ആർ.ആർ.ടി കളിൽ എട്ട് ആർ.ആർ.ടി. കളിലാണ് ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസറുടെ സ്ഥിരം തസ്തികകൾ ഉണ്ടായിരുന്നത്. ബാക്കിയുള്ള 20 ആർ.ആർ.ടി. കളിൽ തൊട്ടടുത്ത ഫോറസ്റ്റ് സ്റ്റേഷനിലെ/ഡിപ്പോയിലെ ഡെപ്യൂട്ടിറെയിഞ്ച് |

| | | | |
|---|---|---|---|
| | | | ഫോറസ്റ്റ് ഓഫീസർമാർക്ക് അധിക ചുമതലയാണ് നൽകിയിരുന്നത്. ആർ.ആർ.ടി.കളുടെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി പോസ്റ്റ് അപ്ഗ്രഡേഷനിലൂടെ 20 ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരുടെ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. കൂടാതെ ആർ.ആർ.ടി. കളിലേക്ക് വേണ്ട മറ്റ് ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിനും പ്രത്യേക ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. ഇതിനായി ആർ.ആർ.ടി.കൾക്ക് സുരക്ഷാ ഉപകരണങ്ങൾ സംഭരിക്കൽ, ആയുധം ലഭ്യമാക്കൽ, ആധുനിക ഉപകരണങ്ങൾ ഉൾപ്പെടെയുള്ള ടൂൾ റൂമുകൾ സജ്ജീകരിക്കൽ,മികച്ച പരിശീലനം പ്രദാനം ചെയ്യൽ എന്നിങ്ങനെ വിവിധോന്മുഖമായ പ്രവർത്തികൾക്ക് തയ്യാറാക്കിയ 3 കോടി രൂപയുടെ പദ്ധതി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ പരിഗണനയിലാണ്. |
| (ബി) | അടുത്തിടെ സംസ്ഥാനത്ത് നടന്നുവരുന്ന മനുഷ്യ-വന്യമൃഗ സംഘർഷങ്ങൾ കണക്കിലെടുത്ത് ആർ.ആർ.ടി.യുടെ പ്രവർത്തനം വിപുലപ്പെടുത്തുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ? | (ബി) | മനുഷ്യ വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ വിവിധ കാലയളവുകളിൽ റാപ്പിഡ് റെസ്പോൺസ് ടീം (ആർ.ആർ.ടി) രൂപീകരിച്ചിട്ടുണ്ട്. 31.05.2024 തീയതിയിലെ സ.ഉ(കൈ) നം. 23/2024/വനം പ്രകാരം രൂപീകരിച്ച ഒൻപത് ആർ.ആർ.ടികൾ ഉൾപ്പെടെ വനം വകുപ്പിൽ സംസ്ഥാനത്ത് നിലവിൽ 28 ആർ.ആർ.ടികൾ ആണ് പ്രവർത്തിക്കുന്നത്. പുതുതായി രൂപീകരിച്ച ഒൻപത് ആർ.ആർ.ടി. കളിൽ ഒൻപത് വീതം സെക്ഷൻ ഫോറസ്റ്റ് ഓഫീസർ, ഫോറസ്റ്റ് ഡ്രൈവർ, പാർട്ട് ടൈം സ്വീപ്പർ തസ്തികകൾ അനുവദിച്ചിട്ടുണ്ട്. എന്നാൽ ആകെയുള്ള 28 ആർ.ആർ.ടി കളിൽ ചിലതിൽ ആവശ്യമായ തസ്തികകൾ നിലവിലില്ലായിരുന്നു. അതാത് ഡിവിഷനുകളിലെ/ റെയിഞ്ചുകളിലെ ജീവനക്കാരുടെ സേവനം പ്രയോജനപ്പെടുത്തിയാണ് ടി ആർ.ആർ.ടികൾ പ്രവർത്തിച്ച് വന്നിരുന്നത്.12.12.2024 തീയതിയിലെ സ.ഉ(സാധാ) നം. 519/2024/വനം പ്രകാരം അപ്രകാരമുള്ള ആർ.ആർ.ടി. കളിലേക്ക് ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാർക്ക് അധിക ചുമതല നൽകിയും സെക്ഷൻ ഫോറസ്റ്റ് ഓഫീസർ, ബീറ്റ് ഫോറസ്റ്റ് ഓഫീസർ, ഫോറസ്റ്റ് വാച്ചർ എന്നീ തസ്തികകൾ പുനർവിന്യസിച്ചും, ജോലി ക്രമീകരണ വ്യവസ്ഥയിലും ജീവനക്കാരെ നിയമിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. ഇപ്രകാരം ആർ.ആർ.ടി. കളുടെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തിയിട്ടുണ്ട്. വനം വകുപ്പിൽ നിലവിൽ പ്രവർത്തിച്ച് വരുന്ന 28 ആർ.ആർ.ടി കളിൽ എട്ട് ആർ.ആർ.ടി. കളിലാണ് |

| | | | |
|---|---|---|---|
| | | | ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസറുടെ സ്ഥിരം തസ്തികകൾ ഉണ്ടായിരുന്നത്. ബാക്കിയുള്ള 20 ആർ.ആർ.ടി. കളിൽ തൊട്ടടുത്ത ഫോറസ്റ്റ് സ്റ്റേഷനിലെ/ഡിപ്പോയിലെ ഡെപ്യൂട്ടിറെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാർക്ക് അധിക ചുമതലയാണ് നൽകിയിരുന്നത്. ആർ.ആർ.ടി.കളുടെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി പോസ്റ്റ് അപ്ഗ്രഡേഷനിലൂടെ 20 ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരുടെ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. കൂടാതെ ആർ.ആർ.ടി. കളിലേക്ക് വേണ്ട മറ്റ് ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിനും പ്രത്യേക ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. ഇതിനായി ആർ.ആർ.ടി.കൾക്ക് സുരക്ഷാ ഉപകരണങ്ങൾ സംഭരിക്കൽ, ആയുധം ലഭ്യമാക്കൽ, ആധുനിക ഉപകരണങ്ങൾ ഉൾപ്പെടെയുള്ള ടൂൾ റൂമുകൾ സജ്ജീകരിക്കൽ,മികച്ച പരിശീലനം പ്രദാനം ചെയ്യൽ എന്നിങ്ങനെ വിവിധോന്മുഖമായ പ്രവർത്തികൾക്ക് തയ്യാറാക്കിയ 3 കോടി രൂപയുടെ പദ്ധതി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ